# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2022 ജനുവരി 3

## വാർത്താക്കുറിപ്പ്

### പരീക്ഷാ തീയതി

രണ്ടാം സെമസ്റ്റർ ബി.പി.എഡ്. (2020 അഡ്മിഷൻ - റെഗുലർ) പരീക്ഷകൾ ജനുവരി 24 ന് ആരംഭിക്കും. പിഴയില്ലാതെ ജനുവരി 10 വരെയും 525 രൂപ പിഴയോടു കൂടി ജനുവരി 11 നും 1050 രൂപ സൂപ്പർഫൈനോടു കൂടി ജനുവരി 12 നും അപേക്ഷിക്കാം.

(പി.ആർ.ഒ/39/4/2022)

മൂന്ന് / ഏഴ് സെമസ്റ്റർ എൽ.എൽ.ബി. പരീക്ഷകൾ ജനുവരി 25 ന് ആരംഭിക്കും. പിഴയില്ലാതെ ജനുവരി 10 വരെയും 525 രൂപ പിഴയോടു കൂടി ജനുവരി 11 നും 1050 രൂപ സൂപ്പർഫൈനോടു കൂടി ജനുവരി 12 നും അപേക്ഷിക്കാം. റെഗുലർ വിദ്യാർത്ഥികൾ 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 35 രൂപ നിരക്കിലും (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസ് ഫീസിന് പുറമേ അടയ്ക്കണം. കൂടുതൽ വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/5/2022)

### എം.ജി. സിവിൽ സർവ്വീസ് കോച്ചിങ്- പ്രവേശനം

മഹാത്മാഗാന്ധി സർവ്വകലാശാല സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ 2022 വർഷ ടെസ്റ്റ് സീരീസ് ബാച്ചിലേയ്ക്കുള്ള പ്രവേശനത്തിനുള്ള അപേക്ഷ ജനുവരി 12 വരെ സ്വീകരിക്കും. അപേക്ഷാ ഫോറത്തിനും വിശദവിവരങ്ങൾക്കും ഫോൺ : 9188374553.

(പി.ആർ.ഒ/39/6/2022)

### സൗജന്യ പരിശീലനം

സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ, ഐ.ബി.പി.എസ്. തുടങ്ങിയ ഏജൻസികൾ നടത്തുന്ന ഡിഗ്രിതല മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവർക്കായി മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ സൗജന്യ പരീക്ഷാ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ ജനുവരി ഏഴിനകം 0481 2731025 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

(പി.ആർ.ഒ/39/7/2022)

### പരീക്ഷാഫലം

ഒന്നാം സെമസ്റ്റർ എം.എസ്.സി. ഓപ്പറേഷൻസ് റിസർച്ച് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് - റെഗുലർ പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും യഥാക്രമം 370 രൂപ, 160 രൂപ നിരക്കിൽ ഫീസടച്ച് ജനുവരി 15 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/8/2022)

രണ്ടാം സെമസ്റ്റർ എം.എസ്.സി. ഓപ്പറേഷൻസ് റിസർച്ച് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് - റെഗുലർ പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും യഥാക്രമം 370 രൂപ, 160 രൂപ വീതം ഫീസടച്ച് ജനുവരി 18 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/9/2022)

2020 നവംബറിൽ നടത്തിയ എം.ബി.എ. ഒന്ന് മുതൽ നാല് വരെ സെമസ്റ്ററുകൾ (2001-2014 അഡ്മിഷൻ - സ്പെഷ്യൽ മേഴ്സി ചാൻസ്), നാലാം സെമസ്റ്റർ (2016 അഡ്മിഷൻ - സപ്ലിമെന്ററി / മേഴ്സി ചാൻസ് (2015 അഡ്മിഷൻ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷ യഥാക്രമം 790 രൂപ, 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം ജനുവരി 16 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ നേരിട്ട് സ്വീകരിക്കും.

(പി.ആർ.ഒ/39/10/2022)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ